നദികളിലെ ജലം.

*731. [20] ശ്രീ. എം. പി. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂറിലെ നദികളിൽനിന്നു വെള്ളം അന്യ സംസ്ഥാനത്തേയ്ക്കു കൊണ്ടുപോകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്തു വ്യവസ്ഥയിന്മേലാണു്;

(സി) മദ്രാസ് സംസ്ഥാനവുമായി തിരുവിതാംകൂർ നദികളിലെ ജലം മദ്രാസിലേക്കു കൊണ്ടുപോകുന്നതിനായി എന്തെങ്കിലും ആലോചന നടക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 1886-ലെ ഉടമ്പടി അനുസരിച്ചു് പെരിയാർ ജലം മദ്രാസു് സംസ്ഥാനത്തേയ്ക്കു കൊണ്ടുപോകുന്നുണ്ടു്.

(ബി) പെരിയാറണയ്ക്കു മുകളിലുള്ള വെള്ളം 999 കൊല്ലത്തേയ്ക്കു ഇറിഗേഷൻ ആവശ്യങ്ങൾക്കായി മദ്രാസ് സംസ്ഥാനത്തേയ്ക്കു തിരിച്ചു വിടുന്നതിനു പ്രസ്തുത ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇങ്ങിനെ കൊടുക്കുന്ന വെള്ളത്തിനു് ഈ ഗവണ്മെൻറിനു റായൽറ്റിയായി വർഷം തോറും 40,000 രൂപ ലഭിക്കുന്നുണ്ടു്. ഈ ജലം വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനു് ഉപയോഗിക്കുവാൻ മദ്രാസ് ഗവണ്മെൻറിനു് ഈയിടെ അനുവാദം കൊടുത്തിട്ടുണ്ടു്. അതു് റായൽറ്റി വ്യവസ്ഥയ്ക്കലാണു്.

(സി) ഇല്ല.

സേവാദളത്തിൻെറ ലാത്തി പരിശീലനം.

*732. [22] ശ്രീ. ടി. എ. മജീദ് : താഴെ കാണുന്ന ചോദ്യത്തിനു് ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺഗ്രസ് സംഘടനയുടെ വകയായി പ്രവർത്തനം നടത്തുന്ന സേവാദളം വ്യായാമത്തിനുവേണ്ടി ലാത്തി പരിശീലനം നടത്താറുണ്ടെന്നു് 1955 ഏപ്രിൽ മാസത്തിൽ തൃശ്ശൂർവച്ചു കൂടിയ പി. സി. സി. യോഗത്തിൽ വെളിപ്പെടുത്തപ്പെട്ട വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനെപ്പറ്റി പത്രങ്ങളിൽ വന്ന റിപ്പോർട്ടുകളും മറ്റു പ്രസംഗങ്ങളും ഗവണ്മെൻറു ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഒരു രാഷ്ട്രീയ സംഘടനയുടെ ഘടകത്തെ ആയുധങ്ങൾ ധരിക്കാൻ അനുവദിക്കുന്നതിനെപ്പറ്റി ഗവണ്മെൻറിൻെറ നിലപാടു് എന്തു്;

(ഡി) ഏതെങ്കിലും സംഘടനകൾക്കു് ആയുധപരിശീലനം നടത്താനും, ആയുധങ്ങൾ കൊണ്ടു നടക്കാനും ഗവണ്മെൻറു് അനുവാദം ആവശ്യമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly